**QP CODE: T5006**

**Enrollment number : ..........................................**

**Name : ..........................................**

**MA DEGREE EXAMINATIONS,MAY 2024**
**First Semester**
**MA Malayalam Language and Literature**
**M21ML03DC - ഗദ്യം - കഥാസാഹിത്യം**
**( Supplementary / Improvement )**
**2022 ADMISSIONS**

**Time: 3 Hours** **Max Marks: 70**

## Section A

**ഏതെങ്കിലും അഞ്ച് ചോദ്യത്തിന് അരപ്പുറത്തിൽ ഉത്തരം എഴുതുക. രണ്ട് മാർക്ക് വീതം**

1. നോവൽ എന്ന പുതിയ സാഹിത്യരൂപത്തിന്റെ സ്വീകരണത്തിലൂടെ ആഖ്യാനഭാഷയിൽ ചന്തുമേനോൻ സ്വീകരിച്ച വ്യതിയാനങ്ങൾ എന്തെല്ലാം? വിശദമാക്കുക.
2. തെറ്റിൽ കൂടി സുഖം വരിക്കാൻ ശ്രമിച്ച് ആത്മനാശത്തിനടിമപ്പെടുന്ന ഒരു ദുരന്തനായകനാണ് 'മായൻ'. വിവരിക്കുക.
3. 'ചിദംബരം' എന്ന ചെറുകഥയുടെ ആഖ്യാന സവിശേഷതകൾ വിവരിക്കുക.
4. നോവലിന്റെ ഘടനയ്ക്ക് പുറത്താണ് ആനന്ദിന്റെ നോവലുകളുടെ ഇടം - എന്ന വിമർശനത്തെ നിങ്ങൾ അംഗീകരിക്കുന്നുണ്ടോ? സ്വമതം സ്ഥാപിക്കുക
5. സ്ത്രീയായി പോയതിന്റെ പേരിൽ അടിച്ചമർത്തപ്പെടുകയും പാർശ്വവത്ക്കരിക്കപ്പെടുകയും ചെയ്യുന്നതിന് എതിരെയുള്ള പ്രതിഷേധം കൂടിയാണ് 'ചേതന'എന്ന കഥാപാത്രത്തിലൂടെ അവതരിപ്പിക്കുന്നത് - വിശദീകരിക്കുക.
6. അധികാരക്കസേരയിലേക്ക് ആരോഹണം നടത്താൻ തന്ത്രങ്ങൾ പയറ്റുന്നവരെ പ്രഹസനരൂപത്തിൽ ആവിഷ്ക്കരിക്കുകയാണ് 'ആരോഹണ'ത്തിൽ ശരിയോ? പരിശോധിക്കുക.
7. ജന്മികുടിയാൻ ബന്ധത്തെ സൂചിപ്പിക്കുന്ന രൂപകങ്ങൾ 'പൂവമ്പഴ'ത്തിൽ ആവിഷ്ക്കരിക്കുന്നതെങ്ങനെ?
8. വിഭജനത്തിന്റെ തീരാമുറിവുകൾ ഏല്പിച്ച ഹൃദയനൊമ്പരങ്ങൾ തുറന്നു കാട്ടുകയാണ് 'മഖൻസിംഗിന്റെ മരണം' എന്ന ചെറുകഥ- വിവരിക്കുക.

**(2x5=10)**

## Section B

**ഏതെങ്കിലും ആറു ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരം എഴുതുക. അഞ്ച് മാർക്ക് വീതം**

9. 'ആർക്കറിയാം' എന്ന ചെറുകഥ മുന്നോട്ട് വയ്ക്കുന്ന സാമൂഹിക വിമർശനങ്ങൾ എന്തെല്ലാം?
10. ആദ്യകാല ചെറുകഥകളുടെ സവിശേഷതകൾ ആഖ്യാനതന്ത്രത്തെയും പ്രമേയ തന്ത്രത്തേയും അധികരിച്ച് പരിശോധിക്കുക.
11. വി.കെ.എൻ. സ്വീകരിച്ച ആധുനികത പൊതുബോധത്തിൽ നിന്നും വേറിട്ടു നിൽക്കുന്നതാണ് എന്ന് പറയുന്നതിന്റെ അടിസ്ഥാനമെന്ത്?
12. വർഗ്ഗബോധവും പുതിയ വ്യവസ്ഥിതിയെക്കുറിച്ചുള്ള സ്വപ്നവുമാണ് 'രണ്ടിടങ്ങഴി' മുന്നോട്ടു വച്ചത് - വിശദമാക്കുക.
13. ജനപ്രിയസാഹിത്യം പൈങ്കിളിസാഹിത്യമാണെന്ന വിമർശനത്തെ 'പാടാത്ത പൈങ്കിളി' യെ ആസ്പദമാക്കി വിമർശനാത്മകമായി ചർച്ച ചെയ്യുക.
14. ദളിത് സാഹിത്യത്തിന്റെ സവിശേഷതകൾ 'ചാവുതുള്ളലിനെ' ആധാരമാക്കി വിവരിക്കുക.
15. മിത്തും ചരിത്രവും 'സുഗന്ധി എന്ന ആണ്ടാൾ ദേവനായകി'യിൽ അനാവരണം ചെയ്യപ്പെടുന്നതെങ്ങനെ?
16. പാരമ്പര്യധാരണകളെ ചോദ്യം ചെയ്യുന്ന നിരവധി സന്ദർഭങ്ങൾ 'പള്ളിവാളും കാൽചിലമ്പും' എന്ന കഥയിലുണ്ട് വിവരിക്കുക.
17. "മാധവിക്കുട്ടിയുടെ കഥാപാത്രങ്ങൾ അടിമത്തത്തെ സ്വയംവരിക്കാൻ തയ്യാറല്ലാത്തവരും ഒരു സ്ത്രീ എന്ന നിലയ്ക്ക് അവരുടെ ലൈംഗിക ചോദനയെക്കുറിച്ച് ബോധമുള്ളവരുമാണ്." - ഈ നിരീക്ഷണത്തിന്റെ സാധുത പരിശോധിക്കുക.
18. വിശ്രമമില്ലാതെ മുന്നോട്ടു പോകുന്ന സ്ത്രീജീവിതത്തെ ആവിഷ്ക്കരിക്കുന്ന കഥയാണ് 'പൂർണവിരാമങ്ങൾ' പരിശോധിക്കുക.

**(5x6=30)**

## Section C

**ഏതെങ്കിലും രണ്ടു ചോദ്യത്തിന് മൂന്നു പുറത്തിൽ ഉത്തരം എഴുതുക. പതിനഞ്ച് മാർക്ക് വീതം**

19. 'തനതായ ഭാഷാശൈലിയും അനന്യമായ ജീവിതവീക്ഷണവും ബഷീറിന്റെ കൃതികളെ മഹത്തരമാക്കുന്നു'. 'ന്റുപ്പുപ്പാക്കൊരാനേണ്ടാർന്നു' എന്ന നോവലിനെ ആധാരമാക്കി പരിശോധിക്കുക.
20. നവോത്ഥാനകഥകൾ സാമൂഹികവിഷയങ്ങളെ കൈകാര്യം ചെയ്തിരുന്നത് മാനവികതയുടെ അടിസ്ഥാനത്തിലാണ് എന്ന് ഉറപ്പിച്ച് പറയാമോ? പരിചിന്തിക്കുക.
21. മലയാളിയുടെ സാഹിത്യ സങ്കൽപ്പങ്ങളെയും സൗന്ദര്യാഭിരുചികളെയും മാറ്റി മറിച്ച നോവലാണ് 'ഖസാക്കിന്റെ ഇതിഹാസം'. പരിശോധിക്കുക.
22. രാഷ്ട്രനിർമ്മാണവും വൻകിട പദ്ധതികളും കുടിയൊഴിപ്പിച്ച കോടാനുകോടി മനുഷ്യരുടെ പ്രതീകമാണ് 'ബുധിനി'. നോവലിന്റെ പ്രമേയത്തെ അധികരിച്ച് ഈ അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക.

**(15x2=30)**